**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 708** **26-07-2021 - ൽ മറുപടിയ്ക്ക്**

**പരപ്പുഴ പാലം പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ അമല-പാവറട്ടി റോഡിലെ പരപ്പുഴ പാലം പുനർനിർമ്മിക്കുന്നതിനുള്ള അടങ്കൽ തുക എത്രയാണ്; | (എ) | 387 ലക്ഷം രൂപ |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | പൈൽ കാസ്റ്റിംഗ് വർക്ക് പൂർത്തീകരി ച്ചിട്ടുണ്ട്. പിയർ ഐലൻഡ് നിർമ്മാണം പുരോഗമിക്കുന്നു. |
| (സി) | പരപ്പുഴ പാലത്തിന്റെ സർവ്വീസ് റോഡ് പൊളിച്ചുമാറ്റിയതെന്നാണ്; | (സി) | ജൂൺ 5, 2021 |
| (ഡി) | സർവ്വീസ് റോഡ് പൊളിച്ചുമാറ്റാനുണ്ടായ സാഹചര്യം അറിയിക്കാമോ; | (ഡി) | ടൗട്ടെ ചുഴലിക്കാറ്റ് കാരണം ഉണ്ടായ ന്യൂനമർദ്ദം മൂലം ശക്തമായ മഴയുണ്ടായതിനാൽ പുഴയിലൂടെ വെള്ളത്തിന്റെ ഒഴുക്ക് ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ എളവള്ളി പഞ്ചായത്തിലെ നിവാസികൾ വെള്ളക്കെട്ട് ഭീഷണി നേരിടുന്ന പശ്ചാത്തലത്തിൽ പരപ്പുഴയ്ക്കുകുറുകെ സ്ഥാപിച്ച താൽക്കാലിക ബണ്ടു പൊളിച്ചു നീക്കം ചെയ്യുന്നതിനായി ജില്ലാകളക്ടറുടെ നിർദ്ദേശ പ്രകാരം ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാന- ത്തിലാണ് താൽക്കാലിക ബണ്ടു നീക്കം ചെയ്തത്. |
| (ഇ) | സർവ്വീസ് റോഡ് പൊളിച്ച് മാറ്റിയതിനാൽ ഉണ്ടാകുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള താല്ക്കാലിക സംവിധാനങ്ങളും നടപടികളും എന്തൊക്കെയാണ്; | (ഇ) | യാത്രാക്ലേശം ഒഴിവാക്കാനായി രണ്ടു സംവിധാനങ്ങൾ ഏർപ്പാടാക്കാൻ ശ്രമം നടക്കുന്നു. (i) പൊതുമരാമത്ത് ഡിസൈൻ വിംഗുമായി ബന്ധപ്പെട്ടുകൊണ്ട് താൽക്കാലിക സ്റ്റീൽ പാലത്തിന്റെ രൂപ രേഖ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. (ii) പിയർ ഐലന്റുകൾ നിർമ്മിച്ച് അവ തമ്മിൽ ബന്ധിപ്പിച്ച് ഒരു സ്റ്റീൽ നടപ്പാത നിർമ്മിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | പ്രവൃത്തിയുടെ പൂർത്തീകരണ തീയതി സെപ്റ്റംബർ 2021 ആണെങ്കിലും പ്രതികൂല സാഹചര്യങ്ങൾ മൂലം ഉണ്ടായകാലതാമസം |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് 2022 മാർച്ച് 31 തീയതിക്കുള്ളിൽ പൂർത്തീകരിക്കാൻ ഉള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ